**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5660** **24-03-2025 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ കെ-സ്റ്റോറുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ചങ്ങനാശ്ശേരി മണ്ഡലത്തിൽ കെ-സ്റ്റോറുകളായി മാറ്റുവാൻ ഏതെല്ലാം റേഷൻ കടകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും അവയിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ 05, 17, 35, 60, 66, 78, 111, 112 എന്നീ 8 റേഷൻ ഷോപ്പുകളെ കെ-സ്റ്റോറായി മാറ്റിയിട്ടുണ്ട്.<br><br>പൊതുമേഖലാ സ്ഥാപനമായ 'മിൽമ'യുടെ ഉത്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ്, MSME രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ എന്നിവ കെ-സ്റ്റോറുകൾ വില്പന നടത്തി വരുന്നു. കൂടാതെ 10000/- രൂപ വരെ ഇടപാട് നടത്തുവാൻ കഴിയുന്ന മിനി ബാങ്കിങ് സംവിധാനം, സി.എസ്. സി സേവനങ്ങൾ എന്നിവ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) | കെ-സ്റ്റോർ പദ്ധതി പൂർണ്ണമായും നടപ്പിലാവുന്നതോടെ ലഭ്യമാവുന്ന സേവനങ്ങളുടെ വിശദവിവരം നൽകുമോ? | (ബി) | നിലവിൽ കെ-സ്റ്റോറുകൾ മുഖേന ലഭ്യമാകുന്ന മിൽമ ഉത്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ഉത്പന്നങ്ങൾ, ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ചോട്ടു ഗ്യാസ്, MSME ഉത്പന്നങ്ങൾ, 10000/- രൂപ വരെ ഇടപാട് നടത്തുവാൻ കഴിയുന്ന മിനി ബാങ്കിങ് സംവിധാനം, സി. എസ്. സി സേവനങ്ങൾ എന്നിവ കൂടാതെ ചുവടെ പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ കൂടി കെ-സ്റ്റോറുകൾ മുഖേന വിപണനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>1. കേരളാ സ്റ്റേറ്റ് കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ<br><br>2. കേരള സോപ്സ് (A unit of Kerala State Industrial Enterprises Ltd.)<br><br>3. ഖാദി ബോഡ് |

| | | | |
|---|---|---|---|
| | | | 4. കെൽപാം (Kerala State Palmyrah Products Development and Workers Welfare Corporation Ltd.)<br><br>5. കെ.സി.സി.പി.എൽ (Kerala Clays and Ceramic Products Ltd.) |

സെക്ഷൻ ഓഫീസർ